

# ബൈബിൾ സത്യം



# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)



# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 18** **December 2004** **No. 9**


## എഡിറ്റോറിയൽ

അധാർമ്മികത്വം ജനങ്ങളെ കീഴ്പ്പെടുത്തി വാണുകൊണ്ടിരിക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നതു. ഓരോ ദിവസവും അതു വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പരിഷ്ക്കാരിയാണ് ഇന്നത്തെ മനുഷ്യൻ. വിദ്യാഭ്യാസമുള്ളവനാണ്. ആധുനികമായ ജീവിത സൗകര്യങ്ങൾ ധാരാളമുണ്ട്. സ്വൈര്യമായ ജീവിതത്തിനു വേണ്ട ഭരണ സംവിധാനവുമുണ്ട്. പക്ഷെ അധർമ്മം പെരുകി വരികയാണ്. ഏതെങ്കിലും ഒരു രാജ്യത്തിൽ മാത്രമല്ല; എല്ലാ രാജ്യങ്ങളിലും കാണുന്ന പ്രതിഭാസമാണിത്. എല്ലാ മേഖലകളിലും ഇതു നിറഞ്ഞു നില്ക്കുകയാണ്. രാഷ്ട്രീയത്തിലും, സംസ്ക്കാരികൾക്കിടയിലും, മതാദ്ധ്യക്ഷന്മാർക്കിടയിലും എന്നു വേണ്ട എല്ലാ പ്രതലങ്ങളിലും അധാർമ്മിക പ്രവർത്തികൾ കാണപ്പെടുന്നുണ്ട്. പ്രായ വ്യത്യാസമോ, ഭാഷാ വ്യത്യാസമോ ഇല്ല. സ്വഭാവവുമായി ബന്ധപ്പെട്ടതാണല്ലാ പാപം. പാപം എന്ന വാക്ക് അധികം പേരും ലോകത്തിൽ ഉപയോഗിച്ചു കാണുന്നില്ല. അതിനെ തെറ്റ് എന്നാണറിയപ്പെടുന്നതു: മനുഷ്യർക്കിടയിൽ നില നില്ക്കുന്ന പല ദുഷിച്ച പ്രവണതകൾ ഉണ്ട്. ലോകത്തിൽ പാപം കടന്നു വന്ന സമയം മുതൽ ഇന്നു വരെ അവ കാണപ്പെടുന്നുണ്ട്. പല രീതിയിലും ഭാവത്തിലും ഇതുണ്ടാകുന്നു എന്നതാണ് വാസ്തവം. ഇതിന്റെ ശരിയായ കാരണത്തെ കുറിച്ചു അധികം ആരും ചിന്തിക്കുന്നില്ല. ഇടക്കിടക്ക് ഇത്തരം സംഭവങ്ങൾ വലിയ വിവാദമാകുന്നതു അറിയപ്പെടു

ന്ന നേതാക്കന്മാരുമായി ബന്ധപ്പെട്ടു കാര്യങ്ങൾ പുറത്തു വരുമ്പോഴാണ്.

ശാരീരിക ഇച്ഛയാണ് മനുഷ്യനെ നിയമം ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നതു; ദൈവം മനുഷ്യരെ സൃഷ്ടിച്ചതു മുതൽ കല്പിച്ചിട്ടുള്ള കല്പനകൾ നമ്മുടെ ജീവിതത്തിൽ പാലിച്ചാൽ കുഴപ്പമില്ല. പക്ഷെ ശരീരത്തെ നിയന്ത്രിക്കുവാൻ കല്പനയെ ഉപയോഗിക്കുന്നില്ല. ദൈവവിശ്വാസം ഉള്ളവരിൽ ദൈവ ഭയമുണ്ടാകും. കാരണം പാപം ചെയ്താലുണ്ടാകുന്ന ഫലത്തെ കുറിച്ചു അവർക്കു ബോധ്യമുണ്ട്. പാപത്തിന്റെ താല്ക്കാലിക സുഖത്തെ കുറിച്ചു മാത്രം ചിന്തിക്കുന്നവരാണ് ഈ അബദ്ധത്തിൽ ചാടുന്നതു. ധർമ്മം അഥവാ നിയമം പാലിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്. ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും. കുറ്റം ചെയ്യുന്നവൻ ശിക്ഷ അനുഭവിക്കും. സ്വാർത്ഥത ശരീരത്തിന്റെ ഇച്ഛയാണ്; വ്യഭിചാരം, ശരീരത്തിന്റെ ഇച്ഛയാണ്. കുല ശരീരത്തിന്റെ ഇച്ഛയാണ്. അസൂയ, പക, പിണക്കം, ക്രോധം എന്നിങ്ങനെ അസംഖ്യം പാപ സ്വഭാവങ്ങൾ ലോകത്തിലുണ്ട്. ദൈവം ചെയ്യരുത് എന്നു പറഞ്ഞതു ചെയ്യുന്നവരും ചെയ്യാൻ കല്പിച്ചിരിക്കുന്നതു ചെയ്യാതിരിക്കലുമാണല്ലോ മനുഷ്യരുടെ സ്വഭാവം. ശരീരത്തിൽ തന്നെയുള്ള മറ്റൊരു ഭാഗത്തെ ആളുകൾ തിരിച്ചറിയുന്നില്ല. ആത്മാവിനെ കുറിച്ച് അധികം പേരും അജ്ഞരായിട്ടാണ് കാണപ്പെടുന്നതു. അതുകൊണ്ടാണ് അവർ ശരീരത്തിനു മുൻതൂക്കം കൊടുക്കുന്നതു. അതുകൊണ്ട് ശരീരം അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നു. അവർ അതിനു അടിമപ്പെടുകയാണ് പതിവു. ആ പ്രത്യേക സാഹചര്യത്തിൽ അവർ അതിനു വശംവദരായി തീരുന്നു.

★

# പ്രാർത്ഥനെക്കു എങ്ങനെ മറുപടി ലഭിക്കും?

## J.C. ചോട്ട്

സ്വർഗ്ഗീയ പിതാവിനോടു നാം സംസാരിക്കുന്നതു പ്രാർത്ഥന മുഖാന്തരമാണ്. നാം അവന്റെ ഇഷ്ടപ്രകാരം പ്രാർത്ഥിച്ചാൽ അതു ദൈവം കേൾക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 5;14-15). എന്നാൽ അവൻ എങ്ങനെയാണ് നമ്മുടെ പ്രാർത്ഥനെക്കു മറുപടി നല്കുന്നതു ? ഈ ചോദ്യത്തിനു പല വിശദീകരണങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. പക്ഷെ ദൈവ വചനത്തിൽ കാണുന്ന ഒന്നാണ് നമുക്കു താല്പര്യം ഉള്ളതു.

ദൈവം അത്ഭുതകരമായി പ്രാർത്ഥനെക്കു മറുപടി നല്കുമെന്നു പഠിപ്പിക്കുന്നവരുണ്ട്. അവർ പറയുന്നതു: ഒരാൾ പ്രാർത്ഥിച്ചാൽ രോഗികൾക്കു സൗഖ്യമാകും, മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും, ഇങ്ങനെ അസംഖ്യം അവകാശവാദങ്ങൾ നടത്താറുണ്ട്. അതിനെ ന്യായീകരിക്കാനായി അവർ യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ചെയ്ത അത്ഭുതങ്ങളിലേക്കു പോകും. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും രോഗസൗഖ്യം വരുത്തി എന്നതു വാസ്തവമാണ്. എന്നാൽ അവർ ലോകത്തു നിന്നു രോഗം തുടച്ചു മാററിയില്ല. അതിനു അവർക്കു തികച്ചും പ്രാപ്തിയും ശക്തിയുമുണ്ടായിരുന്നു. പക്ഷെ ലോകത്തിൽ നിന്നു രോഗത്തെയും വ്യാധിയെയും തുടച്ചു നീക്കുകയായിരുന്നില്ല അവരുടെ ലക്ഷ്യം. മറിച്ചു കുറെ പേർക്കു രോഗസൗഖ്യം നല്കി; കുറെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചു. ഇതു ചെയ്തതു അവരുടെ കേൾവിക്കാരെ അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നും അവരുടെ സന്ദേശം ദൈവത്തിൽ നിന്നുള്ളതാണെന്നും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു. അവരുടെ അന്തിമ ലക്ഷ്യം

കേൾവിക്കാരെ ദൈവഹിതപ്രകാരം വിശ്വാസികളാക്കുക എന്നതായിരുന്നു. അവർക്കു കർത്താവു അതു ചെയ്‌വാനുള്ള അധികാരം കൊടുത്തിരുന്നു. വെറുതെ രോഗികളെ സൗഖ്യമാക്കുകയായിരുന്നില്ല അവർ. ക്രിസ്തുവിനു ശേഷം പുതിയ നിയമം മുഴുവനായി എഴുതി തീർന്നപ്പോൾ അത്ഭുതങ്ങൾ നിന്നു പോയി. ഒരാൾക്കു അത്ഭുതരോഗസൗഖ്യത്തിനു വേണ്ടി കർത്താവിനോടു പ്രാർത്ഥിക്കാം. പക്ഷെ അത്തരം പ്രാർത്ഥനെക്കു മറുപടി തരുമെന്നു കർത്താവു വാഗ്ദാനം ചെയ്തിട്ടില്ല.

മുൻപു പ്രസ്താവിച്ചതിനർത്ഥം ദൈവം ഇപ്പോൾ പ്രാർത്ഥനെക്കു മറുപടി നല്കുന്നില്ല എന്നല്ല. അങ്ങനെയാണെങ്കിൽ പ്രാർത്ഥിക്കുവാൻ കർത്താവു ആവശ്യപ്പെടുമായിരുന്നില്ലല്ലൊ. ''യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും; യാചിക്കുന്ന ഏവനും ലഭിക്കുന്നു'' (മത്തായി 7:7). ''നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനു ഞാൻ ചെയ്തു തരും'' (യോഹന്നാൻ 14:13). ''അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യമാകുന്നു. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു'' (1യോഹന്നാൻ 5:14-15).

ദൈവത്തിന്റെ പ്രവൃത്തികൾ അത്ഭുതകരമായ ആയുധങ്ങൾ മാത്രമാണെന്നു ധരിച്ചാൽ നാം തെററി പോയിരിക്കുന്നു. ചരിത്രം മുഴുവൻ പരിശോധിച്ചാൽ പ്രാർത്ഥനെക്കു മറുപടി നല്കിയിട്ടുള്ളതെല്ലാം തന്റെ കൃപയാൽ കരുണയാൽ സ്വാഭാവികമായി സംഭവിക്കുന്ന രീതിയിൽ ഒക്കെ പ്രവർത്തിച്ചിട്ടുണ്ട്. അവൻ ഗവൺമെന്റിൽ കൂടെ

യും, സംഭവങ്ങളിൽ കൂടെയും, വിവരങ്ങളിൽ കൂടെയും, മാനുഷിക ബന്ധങ്ങളിൽ കൂടെയും, ആഹാരത്തിൽ കൂടെ, വെള്ളത്തിൽ കൂടെ പ്രവർത്തിച്ചു നമ്മെ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഉത്തേജിപ്പിക്കുന്നുണ്ട്. അതുപോലെ അനേകായിരം വസ്തുതകളിലൂടെ അവൻ പ്രവർത്തിക്കുന്നുണ്ട്.

പ്രകൃതിയെ ഉപയോഗിച്ച് കർത്താവു സുഖം നല്കുന്നുണ്ട്. ചെടികളും മററു ഔഷധങ്ങളും രോഗത്തെ ശമിപ്പിക്കുന്നതാണ്. അവ ദൈവത്താൽ ഉളവായതാണ്. ഡോക്ടർമാരിൽ കൂടെയും നഴ്സ്മാരിൽ കൂടെയും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കു വൈദ്യന്റെ ആവശ്യമുണ്ടെന്നാണ് കർത്താവു പറഞ്ഞതു. "യേശു അതു കേട്ടു അവരോട്: ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ രക്ഷിപ്പാൻ വന്നതു എന്നു പറഞ്ഞു" (മർക്കൊസ് 2:17.)

ദൈവത്തിന്റെ സഹായത്തിനും അനുഗ്രഹത്തിനും വേണ്ടി നാം പ്രാർത്ഥിക്കുന്നു. ലോകത്തിൽ ഉത്തരവാദിത്വത്തോടെ നമ്മുടെ ഭാഗം നിർവ്വഹിച്ചു ജീവിക്കുന്നു എങ്കിൽ പോഷകാഹാരം ഭക്ഷിച്ച് പാനം ചെയ്തു അദ്ധ്വാനിച്ചു ആരോഗ്യം സൂക്ഷിച്ചു ജീവിക്കുക. ദൈവസഹായമായ പ്രപഞ്ചത്തിലെ ഔഷധങ്ങളും, വൈദ്യസഹായവും (ഡോക്ടർമാരും നഴ്സുമാരും) നമുക്കു ആവശ്യമുള്ളപ്പോൾ നല്കും. ഉദാഹരണമായി ഞാൻ രോഗിയായപ്പോൾ നല്ലൊരു വൈദ്യ പരിശോധന നടത്തി. അവസാനഘട്ടത്തിൽ "കൊളോനോസ്കോപ്പി" എന്ന പരിശോധന നടത്താനാവശ്യപ്പെട്ടു. അവരുടെ ആ പരിശോധനയിൽ എന്റെ വൻകുടലിൽ ഒരു മുഴ കണ്ടെത്തി. കുടൽ കീറി മുറിച്ച് ആ മുഴ പുറത്തു കടക്കുന്നതിനു മുൻപ് ആ പരിശോധന നടത്തുവാനും അതു കണ്ടെത്തുവാനും സഹായി

ച്ച ദൈവത്തിനു നന്ദി. ഓപ്പറേഷൻ നടത്തി അതു നീക്കം ചെയ്തു. അങ്ങനെ കുറെക്കാലം കൂടെ ദൈവ സേവകനായി ആയുസ്സ് ദീർഘിപ്പിച്ചു തന്നു. പക്ഷെ അതിനു അത്ഭുതം ഒന്നും ആവശ്യമില്ലായിരുന്നു. പ്രാർത്ഥനക്കു ദൈവം മറുപടി നല്കി. ദൈവം പ്രവർത്തിച്ചതു സ്വാഭാവിക മാർഗ്ഗത്തിലൂടെ ആയിരുന്നു എന്നു മാത്രം.

ദൈവ ഭക്തർ എന്ന നിലയിൽ നമുക്കു ഓരോരുത്തർക്കും തീരുമാനം എടുക്കാൻ ദൈവ സഹായം ആവശ്യമാണ്. നാം കേൾക്കത്തക്ക ശബ്ദത്തിൽ ദൈവം സംസാരിക്കയില്ല. എങ്കിലും ദൈവത്തിനു നമ്മെ സഹായിക്കാൻ കഴിയും. വിവരത്തെ ആസ്പദമാക്കിയാണ് നാം തീരുമാനങ്ങൾ എടുക്കുന്നതു. നമുക്കു ആവശ്യമുള്ള വിവരങ്ങൾ പല രീതിയിൽ ദൈവം നമ്മളിൽ എത്തിക്കും. വിവരങ്ങൾ വിലയിരുത്തുന്നതിലും ദൈവം നമ്മെ സഹായിക്കും. പിന്നെ നാം എടുത്ത തീരുമാനങ്ങൾ റദ്ദു ചെയ്യുവാൻ ദൈവത്തോടു ആലോചന ചോദിക്കുന്നു. നാം ചെയ്യുന്നതു ശരിയാണെന്ന വിശ്വാസത്തിൽ മുൻപോട്ടു നീങ്ങുന്നു.

ആരെങ്കിലും ദൈവത്തെയും സത്യത്തെയും അന്വേഷിക്കുന്നു എന്നിരിക്കട്ടെ. എന്നാൽ അവനെ എങ്ങനെ കണ്ടെത്താമെന്നു അവന്ന് അറിഞ്ഞുകൂടാ. അതുപോലെ ഒരാൾ മ്യാൻമാറിൽ ഉണ്ടായിരുന്നു. ബുദ്ധ മത രാജ്യമാണ്. മിഷനറിമാർ എത്തി നോക്കാത്ത രാജ്യമാണ്. അയാളുടെ പ്രാർത്ഥനക്കു എങ്ങനെയാണ് ദൈവം മറുപടി നല്കിയതു? സന്ദർഭവശാൽ യംഗൂൺ എയർപോർട്ടിൽ വെച്ചു അയാൾ ഒരു ഇന്ത്യക്കാരനെ പരിചയപ്പെട്ടു. അയാൾ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സു നടത്തുന്ന ആളായിരുന്നു. രണ്ടു പേരും സംസാരിക്കാൻ തുടങ്ങി. ബർമ്മക്കാരൻ മലേഷ്യയിലെ ഒരു അഡ്രസ് കൊടുത്തു.

(ശേഷം 11-ാം പേജിൽ)

ദൈവത്തെ ആരാധിക്കാൻ പോയിരുന്നു. ഐത്യോപ്യയിൽ നിന്നു യെരുശലേം വരെ (വാക്യം 27). അവന്റെ കാലത്തു കാറുകളോ ട്രെയിനോ ഇല്ലായിരുന്നു. പഴയ യെഹൂദ മതത്തിൽ അവൻ സമർപ്പിക്കപ്പെട്ടവനായിരുന്നു. (അവൻ യെഹൂദ മതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവൻ). ആരാധന മുടക്കുന്നതിനേക്കാൾ അവൻ അത്രയും ദൂരം തേരിൽ സഞ്ചരിച്ചാണ് പോയത്. ആരാധന മുടക്കുന്നവർ ചർച്ച് ബിൽഡിങ്ങിൽ നിന്നു ദൂരെ താമസിക്കുന്നതു കൊണ്ടല്ല; പിന്നെയോ അവർ ദൈവത്തിൽ നിന്നു ദൂരെയായിരിക്കുന്നു എന്നതാണ് കാരണം. എബ്രായ ലേഖകൻ ക്രിസ്ത്യാനികളോടു പറയുന്നതു: ''നിങ്ങളുടെ സഭായോഗങ്ങളെ മുടക്കരുത്'' (എബ്രായർ 10:24). സഭ ഒക്കെയും കൂടി വരുവാൻ ദൈവം ആഗ്രഹിക്കുന്നു. സഭ മുഴുവനായും കൂടി വരാതിരിക്കുന്നതു ചിലർ ആരാധന മുടക്കുന്നതുകൊണ്ടാണ് (1കൊരിന്ത്യർ 14:23). ഇന്നു ക്രിസ്ത്യാനികൾക്കു ഷണ്ഡന്റെ ആത്മാർത്ഥത ഉണ്ടാകേണ്ടിയിരിക്കുന്നു.

## അവൻ തിരുവെഴുത്തു വായിക്കുകയായിരുന്നു - വാക്യം 28

അപ്പോൾ അവന്നു സമയം ഉണ്ടായിരുന്നു. അതു ബുദ്ധിയോടെ അവൻ ഉപയോഗിച്ചു. അവന്നു മററു പലതും വായിക്കാമായിരുന്നു. കാലം ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ എന്നു പൌലൊസ് പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:16). സമയം ശരിയായി ഉപയോഗിക്കുന്നതു തിരുവെഴുത്തു വായിച്ചു മനസിലാക്കുന്നതാണ്. ദൈവ വചനം നമ്മുടെ ജീവിതത്തിനു വേണ്ടി തന്നിരിക്കുന്നതാണ്. അതു എല്ലാവരും വായിച്ചു ഗ്രഹിച്ചു അനുസരിക്കണം (2തിമൊഥെയൊസ് 2:15; യോഹന്നാൻ 5:39).

## സഹായം അഭ്യർത്ഥിച്ചു

അവൻ യെശയ്യാവ് 53:7-8 വായിക്കുകയായിരുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണത്തെ കുറിച്ചുള്ള പ്രവചനം ആയിരുന്നു അതു. "നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ഫിലിപ്പൊസ് അവനോടു ചോദിച്ചപ്പോൾ അവൻ മറുപടി നല്കി, "ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ പറഞ്ഞു, ഫിലിപ്പൊസ് കയറി തന്നോടു കൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു". വളരെ ഉയർന്ന പദവിയിലിരുന്ന ആളായിരുന്നുവെങ്കിലും അവനറിയാത്ത കാര്യങ്ങളുണ്ടായിരുന്നു. ആ സംഗതി അറിയുവാൻ അവന്നു ആരുടെയെങ്കിലും സഹായം വേണമായിരുന്നു. അതിനെ കുറിച്ചു ചോദ്യങ്ങൾ ചോദിക്കുവാൻ അവൻ ലജ്ജിച്ചില്ല. മററാരിൽ നിന്നും പഠിക്കുവാനില്ലാത്ത രീതിയിൽ അറിവു നമുക്കു ആർക്കും ഇല്ല. "അലെക്സന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യെഹൂദൻ എഫെസൊസിൽ ഉണ്ടായിരുന്നു. അക്വിലാസും പ്രിസ്ക്കില്ലയും ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ സ്പഷ്ടമാക്കി അവന്നു തെളിയിച്ചു കൊടുത്തു (പ്രവൃത്തി 18:24-26).

## അവൻ സത്യത്തെ സ്നേഹിച്ചു

താൻ വായിക്കുന്നതു മനസിലാകാതിരുന്നപ്പോൾ അവൻ ചോദിച്ചു "പ്രവാചകൻ ഇതു തന്നെ കുറിച്ചോ അതോ മററാരെയെങ്കിലും കുറിച്ചോ സംസാരിക്കുന്നതു ?" (വാക്യം 34). അവൻ സത്യത്തെ സ്നേഹിച്ചിരുന്നു. അവന്നു താല്പര്യം അഭിപ്രായത്തിലല്ല, മറിച്ചു സത്യത്തിലായിരുന്നു. രക്ഷിക്കപ്പെടുവാൻ ഒരാൾ സത്യത്തെ സ്നേഹിക്കേണം.

*

അയാൾ ബൈബിൾ കോഴ്സ് പഠിച്ചു പരിവർത്തനം ചെയ്യപ്പെട്ടു. അയാളുടെ പരിശ്രമ ഫലമായി ഇപ്പോൾ മ്യാൻമറിൽ കർത്താവിന്റെ സഭയും തുടങ്ങി. അയാളെ സഹായിക്കുവാൻ ദൈവത്തോടു അപേക്ഷിച്ചതു ദൈവം കേട്ടോ? തീർച്ചയായും. എന്നാൽ അത്ഭുതം ആവശ്യമായിരുന്നില്ല. ദേശീയ അതിരുകൾ കടന്നു മൂന്നു രാജ്യങ്ങളിലുള്ള ആളുകളെ തമ്മിൽ ബന്ധിപ്പിക്കുകയായിരുന്നു. ആത്മാർത്ഥമായ ആത്മീയ സഹായത്തിന്നു വേണ്ടിയുള്ള പ്രാർത്ഥനക്കു ദൈവം മറുപടി നല്കി.

നാം പ്രാർത്ഥിക്കുമ്പോൾ കർത്താവിന്നു ഏററവും നന്നായി അറിയാമെന്നു നാം വിശ്വസിക്കണം. ദൈവേഷ്ടം ചെയ്യുവാൻ നാം ആഗ്രഹിക്കയും വേണം. പലപ്പോഴും മനുഷ്യരായ നാം നമ്മുടെ ആഗ്രഹങ്ങളാണ് പ്രാർത്ഥനയിൽ ദൈവത്തോട് ആവശ്യപ്പെടുന്നതു. നാം അതു തുടർന്നു കൊണ്ടേയിരിക്കും. ദൈവം എന്നെങ്കിലും മനസ്സു മാറി നാം ആഗ്രഹിക്കുന്നതു നടത്തി തരും എന്നാണ് ചിന്തിക്കുന്നതു. അതല്ലേ ചിലപ്പോൾ നാം ചെയ്തു കൊണ്ടിരിക്കുന്നതു? നാം പ്രാർത്ഥിക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതു എന്തെന്നാൽ നമ്മുടെ ഇഷ്ടമല്ല, മറിച്ചു ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ എന്നായിരിക്കണം. കാരണം നമുക്കു ഏററവും നല്ലതു എന്താണെന്നു നമ്മെക്കാൾ കൂടുതൽ ദൈവത്തിനറിയാം. ഉദാഹരണത്തിനു നാം സമ്പത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു എന്നിരിക്കട്ടെ; അതു ലഭിച്ചാൽ നാം നശിക്കാനിടയാകും എന്നു ദൈവത്തിനറിയാം. അതുകൊണ്ടാണ് അതു നല്കാതിരിക്കുന്നതു. ദീർഘായുസിനു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു കരുതുക. എന്നാൽ കൂടുതൽ കാലം ജീവിച്ചു കർത്താവിൽ നിന്നകന്നു നഷ്ടപ്പെട്ടു പോയാലോ? അതുകൊണ്ട് ദൈവം അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസത്തിനു വേണ്ടി ചിലർ പ്രാർത്ഥിച്ചേക്കാം. അതു ലഭിച്ചാൽ നാം അഹങ്കരിച്ചു കർത്താവിന്നു കീഴ്പ്പെ

ടുവാൻ മനസില്ലാതെ പോകും. നമുക്കു നല്ലതെന്നു തോന്നുന്ന അനേക കാര്യങ്ങൾ ലോകത്തിലുണ്ട്. എന്നാൽ ദൈവത്തിന്റെ പരമോന്നത പരിജ്ഞാനത്താൽ നമുക്കു ഏററവും ഉചിതമായതേതെന്നു അറിഞ്ഞു ദൈവം പ്രവർത്തിക്കുന്നു.

നാം പ്രാർത്ഥനയിൽ വിശ്വസിക്കുന്നുവോ? തീർച്ചയായും വിശ്വസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ദൈവം പ്രാർത്ഥനെക്കു മറുപടി നല്കുമോ? നല്കും. അത്ഭുതകരമായി ദൈവം പ്രാർത്ഥനെക്കു മറുപടി നല്കാമെന്നു അവൻ വാഗ്ദാനം ചെയ്തിട്ടില്ല. ദൈവ കടാക്ഷത്താൽ സ്വാഭാവികവും പ്രത്യക്ഷവുമായ മാർഗ്ഗങ്ങളിലൂടെ ദൈവം പ്രവർത്തിക്കുന്നു. ഇതു നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനു ഉതകുന്നു. നമ്മുടെ പ്രാർത്ഥനെു മറുപടി നല്കുവാൻ ദൈവം മനോഹരവും, അപ്രതീക്ഷിതവുമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. സംശയിക്കാതെ വിശ്വസിച്ചു കൊണ്ടു കർത്താവിനോടു പ്രാർത്ഥിക്കണം. വിശ്വസ്തരായ മകനും മകളും എന്ന നിലയിൽ പിതാവിനോടു സംസാരിക്കണം. അവൻ നിങ്ങളോടും നിങ്ങളുടെ ആവശ്യങ്ങളോടും പ്രതികരിക്കും. നിങ്ങൾക്കു ഏററവും നല്ലതു തന്നെ അവൻ ചെയ്യും.

*

## കൃപയുടെ മഹത്വം

**കെ. സി. മോശേർ**

സർവ്വ ദേശീയമായി പ്രശംസിക്കപ്പെടുന്ന വിഷയമാണ് കൃപ. എന്താണ് കാരണം? ജനക്കൂട്ടത്തിന്റെ താല്പര്യത്തിനു നിങ്ങൾ വെറുതെ നിന്നു കൊടുക്കയാണോ?

ഉദാഹരണമായി എഫെസൊസിലുള്ള ആളുകൾ ചെയ്തിരുന്നതു നോക്കുക. "എഫെസ്യരുടെ അർത്തമിസ് ദേവി എന്നു എല്ലാവരും കൂടി രണ്ടു മണി നേരത്തോളം ആർത്തുകൊണ്ടിരുന്നു" (പ്രവൃത്തി 19:34). നാം "ദൈവത്തിന്റെ കൃപ എത്ര വലുത്" എന്നു ആർത്തു വിളിക്കുന്നുണ്ടോ ? അറിയാതെ നാം എന്തിനു നിലവിളിക്കണം? ദൈവീക കൃപ വാസ്തവത്തിൽ മനുഷ്യരുടെ പുകഴ്ച്ചക്കു യോഗ്യമോ ? അങ്ങനെ എങ്കിൽ എന്തുകൊണ്ട് ? നാം ദൈവത്തിന്റെ കരുണയെ പുകഴ്ത്തുമ്പോൾ നമുക്കു വെറും അധര സേവയിൽ മാത്രം അതു ഒതുക്കാതിരിക്കാം. കൃപയെ കൃപയുടെ സ്ഥാനത്തു നിർത്തി നമുക്കു അതിന്റെ പേരിൽ ദൈവത്തെ മഹത്വപ്പെടുത്താം. ദൈവത്തിന്റെ കൃപയെ നാം മഹത്വപ്പെടുത്തണം എന്നു പറയുവാനുള്ള ഏതാനും കാരണങ്ങൾ നമുക്കു പരിശോധിക്കാം.

## ദൈവത്തിന്നു തന്നേ മഹത്വം കൊടുക്കുന്നതിൽ മുഖ്യമാണ് കൃപ

ഈ പ്രസ്താവനയെ ആരും ചോദ്യം ചെയ്യുകയില്ല എന്നു ഞാൻ കരുതുന്നു. ദൈവം കരുണയില്ലാത്തവനാണെന്നു ആർക്കെങ്കിലും ചിന്തിക്കാൻ കഴിയുമോ ? അവൻ സർവ്വ വ്യാപിയും സർവ്വ ശക്തനുമാണ്. അവൻ നീതിമാനാണ്. എന്നാൽ പാപിയായ മനുഷ്യനു ദൈവത്തിന്റെ ഈ സ്വഭാവങ്ങളിൽ എന്ത് ആശ്വാസമാണ് ലഭിക്കുന്നതു ? അവന്റെ അപാര ജ്ഞാനവും, അപാര ശക്തിയും, അപാര നീതിയും എല്ലാം തന്നെ മനുഷ്യന്റെ എല്ലാ ബലഹീനതയെയും പാപ ജീവിതത്തെയും ശിക്ഷിക്കാതിരിക്കാൻ കാരണമാകുന്നില്ല. കരുണയില്ലെങ്കിൽ നീതി നിറവേററുവാൻ ശിക്ഷിക്കണം.

കരുണ എന്ന സ്വഭാവത്തിനപ്പുറമായി ദൈവത്തെ ധ്യാനിക്കാമോ ? പാപിയായ മനുഷ്യന് ദൈവത്തെ സ്തുതി

ക്കുവാൻ കൃപ കൂടാതെ സാദ്ധ്യമല്ല. നരകവും സ്വർഗ്ഗ
വും ഒരേ രീതിയിൽ പ്രശംസിക്കാൻ കഴിയുമോ ? ദൈവ
നീതി യഥാർത്ഥത്തിൽ ഗ്രഹിക്കുന്നവർക്കു കഴിയും. അ
ല്ലാത്തവർക്കു അതു ചിന്തിക്കാൻ പോലും പ്രയാസമാണ്.
കുററമുള്ളവരുടെ ഹൃദയത്തിൽ നീതി മാത്രം കൊണ്ടു ന
ന്ദി സൂചിപ്പിക്കാൻ കഴിയുകയില്ല. യോഗ്യതക്കു പ്രതി
ഫലം കൊടുത്തില്ലെങ്കിൽ അതെന്തു നീതി എന്നു നാം ചോ
ദിക്കാറുണ്ട്. "എന്നാൽ പ്രവൃത്തിക്കുന്നവന്നു കൂലി ക
ണക്കിടുന്നതു കൃപയായിട്ടല്ല, കടമായിട്ടത്രേ" (റോമർ 4:
4). കൃപ അതിൽ നിന്നു വേറിട്ടു നില്ക്കുന്നു.

ദൈവം കരുണയുള്ള പിതാവാണെന്നു ചിന്തിക്കുക.
അവന്റെ ശക്തി, ജ്ഞാനം, നീതി എന്നിവ പുതിയ ഉപ
യോഗം കണ്ടെത്തുന്നു. ദൈവം തന്റെ ജ്ഞാനം വെളി
പ്പെടുത്തിയിരിക്കുന്നതു ജനങ്ങളെ നശിപ്പിക്കുന്നതിനല്ല;
പിന്നെയോ, അവരെ രക്ഷിക്കേണ്ടതിനാണ്. പാപികളായ
വർക്കു അതിൽ നിന്നു രക്ഷപ്പെടുവാനുള്ള വഴിയാണ് ദൈ
വിക ജ്ഞാനം വെളിപ്പെടുത്തുന്നതു. അതു നിമിത്തം ഒ
രു മകനെ കണ്ടെത്താൻ കഴിയും.

രക്ഷാ വഴി നടപ്പാക്കുവാൻ ദൈവ ജ്ഞാനവും ശക്
തിയും ഒരുമിച്ചു പ്രവർത്തിക്കുന്നു. എന്നാൽ കരുണ എ
ന്ന തത്വത്താൽ പ്രാവർത്തികമാക്കുന്നു. പാപികളുടെ നാ
ശം അല്ല, രക്ഷയാണ് ദൈവിക ദയവു വരുത്തുന്നത്. ദൈ
വത്തിന്റെ അളവററ കൃപ നിമിത്തമാണ് വചനം ജഡമാ
യി തീർന്നതു. ജ്ഞാനം, ശക്തി, കരുണ എന്നിവ യോ
ജിച്ച് പ്രവർത്തിക്കുകയാണ് യേശുവിലൂടെ.

★

# വാർത്തകൾ

## ഹർത്താലിനെതിരെ ജനരോഷം ഇരമ്പി

നിർബന്ധിത ഹർത്താലിനെ ചെറുത്തു തോൽപ്പിക്കണമെന്ന് ജനകീയ കൂട്ടായ്മ. നെഹ്റു സെന്ററിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ ഹർത്താലിനെതിരായ ജനരോഷം ഉണർന്നു. സാമൂഹിക സാംസ്കാരിക നേതാക്കളും സംഘടനാ പ്രതിനിധികളും ഒരേ സ്വരത്തിൽ ഹർത്താൽ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. മുൻ മന്ത്രി എം. എം. ഹസൻ മുൻകയ്യെടുത്താണ് പരിപാടി സംഘടിപ്പിച്ചത്.

ജനാധിപത്യ ബോധമുള്ള ഒരു സമൂഹവും ഹർത്താൽ അംഗീകരിക്കില്ലെന്ന് ഉദ്ഘാടകനായ പ്രൊഫ. എസ്. ഗുപ്തൻ നായർ പറഞ്ഞു. ഈ പ്രതിഷേധ രീതി ശരിയല്ലെന്ന് എല്ലാവർക്കും അറിയാം.

## രോഗികൾക്ക് കഞ്ഞിക്കു പകരം ഇനി ഉപ്പുമാവ്

ഭക്ഷണത്തെ കുറിച്ചുള്ള പരാതികളുമായെത്തിയ രോഗികൾക്ക് കഞ്ഞിക്കു പകരം ഉപ്പുമാവ് വിളമ്പാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉത്തരവിട്ടു. ദിവസവും രാവിലെ നൽകുന്ന കഞ്ഞി കുടിച്ച് മടുത്തെന്നായിരുന്നു അന്തേവാസികളുടെ പരാതി. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം സന്ദർശിക്കാനെത്തിയ മുഖ്യ മന്ത്രിക്കു മുന്നിലാണ് രോഗികൾ പരാതി നിരത്തിയത്.

## വിമുക്ത ഭടർക്കു ജോലി വൈകില്ല

മററു നടപടി ക്രമങ്ങൾ പൂർത്തിയായാൽ വിമുക്ത ഭടൻമാർക്ക് ഒട്ടും വൈകാതെ ജോലി നൽകാൻ നടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു.

സായുധ സേനാ പതാക ദിനാചരണവും വിമുക്ത ഭട സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം

കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളെക്കാളും വേഗത്തിൽ സംസ്ഥാനം തീരുമാനമെടുക്കും. ആനുകൂല്യങ്ങൾ കിട്ടുന്നതിൽ താമസമുണ്ടെങ്കിൽ എവിടെയാണു പിഴവെന്നു പരിശോധിച്ച് തിരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യസേവനത്തിനിടെ ജീവത്യാഗം ചെയ്ത ഭടൻമാരുടെ കുടുംബാംഗങ്ങൾ മുഖ്യമന്ത്രിയിൽ നിന്ന് സഹായം ഏററുവാങ്ങി.

## ഉദ്യോഗസ്ഥരെ രക്ഷിച്ചതു 'രക്ഷാമുറി'

യു. എസ്. ഉദ്യോഗസ്ഥരെയും മററും രക്ഷിച്ചതു കോൺസുലേററിനുള്ളിലെ ബങ്കർ. പുറത്തു സ്ഫോടനവും വെടിയൊച്ചയും കേട്ടയുടൻ കോൺസുലേററിലെ ബങ്കറിനുള്ളിലേക്ക് ഉദ്യോഗസ്ഥർ പാഞ്ഞു. ഇതാണ് അവർ പരുക്കേൽക്കാതെ രക്ഷപ്പെടാൻ കാരണം. കോൺസുലേററിന്റെ ബേസ്മെൻറിനുള്ളിലാണ് ആക്രമണങ്ങളിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി ബങ്കറിന്റെ രൂപത്തിൽ (കോൺസുലേററിലെ അമേരിക്കക്കാർ സേഫ് റൂം എന്നു വിളിക്കുന്ന അറ) രക്ഷാമുറി പണിതത്. സൗദിസേന എത്തി അക്രമികളെ കീഴടക്കിയ ശേഷമാണു ജീവനക്കാർ പുറത്തു വന്നത്.

# ബാലനെ ബലി നൽകിയതായി സംശയം

നാടോടി ബാലനെ ദേവപ്രീതിക്കായി കുരുതി കൊടുത്തതായി സംശയം. ശനിയാഴ്ച വൈകിട്ടാണ് കീഴായൂർ നമ്പ്രംകടവ് ഭാരതപ്പുഴയിൽ പ്രഭുവിന്റെ ജഡം തലയും കയ്യും കാലും വെട്ടി മാററിയ നിലയിൽ കണ്ടത്. കേസുമായി ബന്ധപ്പെട്ട് നാടോടി സംഘത്തിലെ ചിലരെ പൊലീസ് കസ്ററഡിയിലെടുത്തു. പൊള്ളാച്ചി ജില്ലയിലെ കിണത്തുക്കടവിൽ നിന്ന് ഒന്നാം തീയതിയാണ് മുത്തുമാല വില്പനക്കാരായ സംഘം പട്ടാമ്പിയിൽ എത്തിയത്. ഇക്കൂട്ടത്തിൽപെട്ട പ്രഭുവിനെ ആരോ തട്ടിക്കൊണ്ടു പോയെന്ന് പിതാവ് ബാബു പൊലീസിൽ പരാതിപ്പെട്ടിരുന്നു.

ഇവർ താമസിച്ചിരുന്ന റയിൽവേ കമാനത്തിനു സമീപം പൂജ നടത്തിയതിന്റെ ലക്ഷണങ്ങൾ കണ്ടതിനെ തുടർന്നാണ് അന്വേഷണത്തിന്റെ വഴി മാറിയത്.

## കണ്ണുകൾ ദാനം ചെയ്യും : കുഞ്ചാക്കോ

മരണാനന്തരം തന്റെ കണ്ണുകൾ ദാനം ചെയ്യാൻ തയാറാണെന്ന് നടൻ കുഞ്ചാക്കോ ബോബൻ.

പെരിന്തൽമണ്ണ അൽസലാമ സൂപ്പർ സ്പെഷ്യാലിററി ഐ ഹോസ്പിററലിലെ നേത്രബാങ്ക് ഉദ്ഘാടനം ചെയ്ത ശേഷം കുഞ്ചാക്കോ ബോബൻ നേത്രദാനത്തിനുള്ള സമ്മതപത്രം നൽകി.

നമ്മുടെ കണ്ണുകൾ മററുള്ളവർക്കു വെളിച്ചമാക്കി മാററാൻ ഓരോരുത്തരും തയാറാകണം ബോബൻ പറഞ്ഞു.

## ആക്രമണം കാറുകളുടെ മറവിൽ

ജിദ്ദയിലെ യു. എസ്. കോൺസുലേറ്റ് ആക്രമിച്ച ഭീകരർ കോൺസുലേറ്റിന്റെ കാറുകളെ പിന്തുടർന്നാണു ഗേറ്റിനുള്ളിലേക്കു കടന്നതെന്നു ദൃക്സാക്ഷികൾ. കോൺസുലർ കാറുകൾക്കായി നയതന്ത്ര ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ഗേറ്റ് തുറന്ന തക്കത്തിനാണു ഭീകരർ കോൺസുലേറ്റ് വളപ്പിലേക്കു കടന്നത്.

കറുത്ത ഗ്ലാസുള്ള വെള്ള നിസാൻ കാറിലാണു തീവ്രവാദികൾ എത്തിയതെന്ന് ഒരു ദൃക്സാക്ഷി പറഞ്ഞു. പിന്നിലെ കണ്ണാടിയിൽ ലാ ഇലാഹ ഇല്ലല്ലാഹ് എന്നെഴുതി, അതിനു ചുവടെ വാളിന്റെ ചിത്രവുമൊട്ടിച്ചിരുന്നു. കോൺസുലേറ്റ് വളപ്പിന്റെ കിഴക്കു ഭാഗത്തുള്ള ഹൈവേയിൽ തെരുവിലൂടെ മെല്ലെ സഞ്ചരിക്കുകയായിരുന്നു ഈ കാർ.

## ഒരു വർഷത്തിനകം 5 ലക്ഷം കണക്ഷൻ

ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് അഞ്ചു ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുമെന്നും അതോടെ കണക്ഷനുള്ള ഒരപേക്ഷ പോലും കെട്ടിക്കിടക്കാത്ത സ്ഥിതി ആകുമെന്നും മന്ത്രി ആര്യാടൻ മുഹമ്മദ് അറിയിച്ചു.

തിരുവനന്തപുരത്ത് ഗുണമേന്മയുള്ള വൈദ്യുതി നൽകുന്നതിനും വൈദ്യുതി മുടക്കം ഒഴിവാക്കുന്നതിനും 163 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. കൊച്ചിയിൽ വൈദ്യുതി വികസനത്തിന് 200 കോടിയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

★

# സുവിശേഷം - നീങ്ങൾ അതിനു യോഗ്യർ

**ഡേവിഡ് തർമാൻ**

അപ്രധാന്യൻ എന്നു നിങ്ങൾക്കു എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ആളുകൾ (കുടുംബാംഗങ്ങൾ, സ്നേഹിതന്മാർ, സഹപ്രവർത്തകർ) നിങ്ങളെ കണക്കിലെടുക്കാത്ത അവസ്ഥ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? നിങ്ങളെ അവർ ശ്രദ്ധിക്ക പോലും ചെയ്യാതിരിക്കുന്നതായി തോന്നിയിട്ടുണ്ടോ? നാം അയോഗ്യർ എന്നു ഗണിക്കുന്ന ശക്തിയാണ് നമ്മുടെ ലോകത്തിനുള്ളതു. നാം അതു കാര്യമല്ല എന്ന തോതിൽ ജീവിതത്തിന്റെ തിര നമ്മിൽ അടിക്കുന്നതായി നമുക്കു തോന്നാം.

അപ്രസക്തർ എന്നു തോന്നുന്നവർക്കായി നമ്മുടെ ദൈവം സുവിശേഷം നല്കിയിരിക്കുന്നു. നിങ്ങൾ അവന്നു വിലയുള്ളവനാണെന്നു തിരിച്ചറിയുവാൻ അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ അതിനു യോഗ്യർ എന്നു അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം ദൈവത്തിന്നു എത്രമാത്രം വിലപ്പെട്ടവരാണെന്നു റോമർ 5:1-11 വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിലായി തീരുക എന്നു പറഞ്ഞാൽ നാം ദൈവ മുൻപാകെ ശരിയായി തീരുക എന്നാണർത്ഥം. പൌലൊസ് അവിടെ ആരംഭിക്കുന്നതു: വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്.... എന്നു പറഞ്ഞു കൊണ്ടാണ്. നാം ദൈവത്താൽ നീതിയുള്ളവനായി തീരുന്നു. നീതീകരിക്കപ്പെടുമ്പോൾ നമ്മിൽ ദൈവ കോപം നീങ്ങപ്പെടുന്നു: വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോൾ അതിനെ തുടർന്നു ധാരാളം അനുഗ്രഹം നമുക്കായി വെച്ചിരിക്കുന്നു.

# തന്റെ പുത്രൻ മുഖാന്തരം ദൈവത്തിൽ നിന്നു സമാധാനം

വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട് (റോമർ 5:1). പിന്നീട് ദൈവം കോപിക്കാതിരിക്കുന്നു. മനുഷ്യനും ദൈവവും തമ്മിൽ സമാധാനം ഉണ്ടാകേണ്ടതിനായിരുന്നു അവൻ തന്റെ പുത്രനെ അയച്ചതു. നീതീകരിക്കപ്പെട്ട നിങ്ങളോടു അവൻ ശത്രുതാ മനോഭാവം വെക്കുന്നില്ല. എന്നാൽ കഴിഞ്ഞ കാലം അങ്ങനെ ആയിരുന്നില്ല. പാപങ്ങൾ മാഞ്ഞു പോയതു കൊണ്ടു ദൈവക്രോധവും നീങ്ങപ്പെട്ടു. നാം ഓരോരുത്തരും ക്രിസ്തുവിൽ ആകുമ്പോൾ നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.

എങ്ങനെയായാലും ഈ സമാധാനം വെറും മനുഷ്യനും ദൈവവും മാത്രമുള്ള ഒന്നല്ല. ജീവിതത്തെ അഭിമുഖീകരിക്കുവാൻ നമ്മുടെ ഉള്ളിൽ പ്രേരണ നല്കുന്ന ഒന്നാണ്. പുറമെ സംഘർഷം ഉണ്ടാകുമെങ്കിലും അകം ശാന്തമായിരിക്കും. വിചാരപ്പെടുമ്പോൾ ഉള്ളിൽ പ്രസന്നത അനുഭവപ്പെടും. നമ്മുടെ ഹൃദയങ്ങളിൽ കുഴപ്പങ്ങൾ അലയടിക്കുമ്പോൾ ശാന്തത നല്കുന്നതാണ്. ദൈവിക സമാധാനം - നാമും മററു മനുഷ്യരും തമ്മിലുണ്ടാകുന്നതുമാണ്. പാപത്തിന്റെ കുററം ആരോപിക്കപ്പെടുമ്പോൾ അതിനെ എതിരിടുവാൻ, നമ്മെ സ്വയം സംരക്ഷിക്കുകയും ചെയ്യുന്നു. ഇപ്പോൾ ദൈവം നമ്മെ നീതീകരിച്ചിരിക്കുന്നു. മററുള്ളവരിൽ നിന്നുള്ള സംരക്ഷണം നമുക്ക് ഇനി ആവശ്യമില്ല. ദൈവം നമ്മുടെ സംരക്ഷകനാകുന്നു. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചിരിക്കകൊണ്ടു പ്രശ്നങ്ങളും പോരാട്ടങ്ങളും അലട്ടുന്നതെന്തും നമുക്കു വിട്ടു കളയാം. ക്രിസ്തു മുഖാന്തരം നീതീകരിക്കപ്പെടുക എന്നാൽ നമുക്കു ദൈവത്തോടും സഹ മനുഷ്യരോടും സമാധാനം ഉണ്ടാകുന്നു.

ഇങ്ങനെയാണ് നിങ്ങൾ ദൈവത്തിനു പ്രയോജനമുള്ള പ്രാധാന്യമുള്ളവനായി തീരുന്നതു. നിങ്ങളുടെ ജീവിതം മുഴുവൻ സമാധാനം കൊണ്ടു നിറക്കാൻ ദൈവം ആഗ്രഹിക്കുന്നു. പിതാവു എന്ന നിലയിൽ ദൈവത്തോടു ബന്ധം പുലർത്തുവാനുള്ള സമാധാനമാണ് നമുക്കു കിട്ടുന്നതു. മററുള്ളവരോടും നിങ്ങൾക്കു സ്വയമായും ലഭിക്കുന്നതാണ് ഈ സമാധാനം. ദൈവം നിങ്ങളെ വില മതിക്കുകയും നിങ്ങൾ അതിനു മതിയായവരാണെന്നു തെളിയിക്കുന്ന ഒരു വഴിയും അവൻ നല്കിയിരിക്കയാണ്.

## അവൻെറ കൃപയാൽ ദൈവത്തോടു അടുക്കാം

"നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു" (റോമർ 5:2). യേശുക്രിസ്തു മുഖാന്തരമാണ് സമാധാനം ലഭിക്കുന്നതു. നമുക്കു വിശ്വാസവും വേണം. അവൻ മൂലമാണ് കൃപയിലേക്കും നാം കടക്കുന്നതു. അതിനും വിശ്വാസം ആവശ്യമാണ്. നാം ദൈവ തേജസിൻെറ പ്രത്യാശയാൽ പ്രശംസിക്കുന്നു. നീതീകരിക്കപ്പെട്ടവർക്കു ദൈവത്തിൻെറ മഹത്വകരമായ കൃപ ലഭിക്കുന്നു. ദൈവ മുൻപാകെ നീതീകരിക്കപ്പെട്ടവർ കർത്താവിൻെറ കൃപക്ക് അർഹരാണ്. നമ്മുടെ സൽപ്രവൃത്തികളോ പ്രകടനങ്ങൾക്കോ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. ദൈവത്തിൻെറ ഉപകാരം അനർഹരായ നമുക്കു സാദ്ധ്യമാക്കി തീർക്കുന്നു. അതിന്നായി നമുക്കു ദൈവത്തിൽ വിശ്വാസം ആവശ്യമാണ്.

നമുക്കു ദൈവത്തോടു സമാധാനവും നിരപ്പും പ്രാപിച്ചാൽ പൂർണ്ണമായ ഒരു ബന്ധം ദൈവവുമായി പുലർത്തുവാനും അതു ആസ്വദിക്കുവാനും നമുക്കു അവസരമുണ്ട്. ഇതു സംഭവിക്കുന്നതു നമ്മുടെ നന്മ കൊണ്ടല്ല, അവൻെറ കൃപയാലത്രെ. നിങ്ങൾ ദൈവത്തിനുള്ളവരാണെ

ന്നും നിങ്ങൾ വില മതിക്കപ്പെട്ടവരാണെന്നും നിങ്ങൾ അറിയേണ്ടതിനാണ് കൃപ നല്കിയിരിക്കുന്നതു. ആത്മാവിന്റെ വില തിരിച്ചറിയാതെ പാപത്തിൽ ജീവിച്ചാൽ ആർക്കും ദൈവത്തോടു അടുക്കുവാൻ കഴിയുകയില്ല. കാരണം ദൈവം പരിശുദ്ധനാണ്. നാം മരിക്കേണ്ട സ്ഥാനത്തു യേശു മരിക്കുവാൻ ദൈവം അനുവദിച്ചപ്പോൾ നിങ്ങൾ അവന്നു വിലപ്പെട്ടവനാണ് എന്നു ഓർപ്പിക്കുകയാണ് ചെയ്യുന്നതു.

## അവന്റെ ആത്മാവിനാൽ ദൈവത്തിൽ നിന്നു സന്തോഷം

"അതു തന്നേ അല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശെക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ" (റോമർ 5:3-5). നമുക്കു ഇഷ്ടമാകുന്ന ആന്തരിക സമാധാനത്തെയാണ് പൗലൊസ് വിവരിക്കുന്നതു. നാം പരീക്ഷണത്തെ നേരിട്ടേക്കാം, അപ്പോഴും നമുക്കു ധൈര്യമുണ്ട്. കാരണം ദൈവം നമുക്കു നല്കിയിരിക്കുന്നതും ചെയ്തിരിക്കുന്നതും ധൈര്യം പകരുന്നതാണ്. ദൈവം തന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കയാണ്. അതു പരിശുദ്ധാത്മാവിനാലാണ്.

നിങ്ങൾ ദൈവത്തിനു എന്തു മാത്രം വിലയുള്ളവരാണ്? വിശ്വാസിയായാൽ ദൈവം നിങ്ങളെ കാണുന്നതു തന്റെ ആത്മാവ് വസിക്കാവുന്ന നീതിയുള്ള ഒരു മന്ദിരമായിട്ടാണ്.

★

# ക്രൂശിന്റെ വഴി വീട്ടിലേക്കു നയിക്കുന്നു

**ലെനി റീഗെൻ**

ബൈബിളിന്റെ മുഖ്യവിഷയം ക്രിസ്തുവിന്റെ ക്രൂശാണ്. പഴയ നിയമ പ്രവാചകൻ ഈ ക്രൂശിന്റെ സംഭവത്തിലേക്കു ഉററു നോക്കുവാൻ ആഗ്രഹിച്ചു. പുതിയ നിയമം അടിസ്ഥാനപ്പെടുത്തുന്നതും ക്രൂശുമായി ബന്ധപ്പെട്ടാണ്. അപ്പൊസ്തലന്മാരുടേയും ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികളുടേയും പ്രസംഗങ്ങളും കേന്ദ്രീകരിച്ചതു ക്രൂശിക്കപ്പെട്ട ക്രിസ്തു എന്നതിലായിരുന്നു. ''ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യെഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും'' (കൊലൊസ്സ്യർ 1:23). ക്രൂശിന്റെ വചനം എന്നും സുവിശേഷത്തെ കുറിച്ചു പറഞ്ഞിട്ടുണ്ട്. ദൈവപദ്ധതിയുടെ നടത്തിപ്പായിരുന്നു കാൽവറിയിലെ യേശുവിന്റെ ക്രൂശ്. ഇതിനിടയാക്കിയതു മനുഷ്യരുടെ പാപവുമാണ്.

എന്തുകൊണ്ട് ഒന്നാം നൂററാണ്ടിലെ സഭ ക്രിസ്തുവിന്റെ ക്രൂശ് കേന്ദ്രബിന്ദുവായി എടുത്തു പ്രസംഗിപ്പാനും ഉപദേശിപ്പാനും തുടങ്ങി എന്നതിനു മതിയായ കാരണങ്ങളും ഉണ്ടായിരുന്നു. ഒന്നാമതു, മനുഷ്യൻ ആരാണെന്നു ക്രിസ്തുവിന്റെ ക്രൂശ് വെളിപ്പെടുത്തുന്നു. നാം ദൈവത്തിന്റെ നിയമം ലംഘിച്ചതുകൊണ്ടാണ് പാപികളായതു (1 യോഹന്നാൻ 3:4). നാം പാപം ചെയ്തു ദൈവത്തിൽ നിന്നകന്നു പോയി. ആകയാൽ നമ്മെ ദൈവത്തോടു അടുപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥൻ ആവശ്യമായി വന്നു. ദൈവ നിയമമനുസരിച്ചു പാപത്തിനുള്ള ശിക്ഷ മരണമാണ്. ദൈവത്തിന്റെ അരുളപ്പാട് ദൂതൻ മുഖാന്തരം കന്യകയായിരുന്ന മറി

യയെ വിവാഹം നിശ്ചയം ചെയ്ത യോസേഫിനു ലഭിച്ചു. "അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു" (മത്തായി 1:21). യേശു ജനിച്ചു വളർന്നപ്പോൾ തന്റെ വരവിന്റെ ഉദ്ദേശം അവൻ തന്നെ വ്യക്തമാക്കി. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യ പുത്രൻ വന്നതു".

രണ്ടാമതായി ദൈവം എങ്ങനെയുള്ളവൻ എന്നു വെളിപ്പെടുത്തുകയാണ് ക്രൂശ്. ദൈവത്തിനു ലോകത്തുള്ള ജനങ്ങളോടുള്ള അതിരു കവിഞ്ഞ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതാണ് ക്രൂശ്. മനുഷ്യ വർഗ്ഗത്തെ ദൈവം എത്രമാത്രം സ്നേഹിച്ചിരുന്നു എന്നു ബൈബിളിൽ ഉടനീളം വ്യക്തമാക്കുന്നുണ്ട്. ദൈവം തന്റെ പുത്രനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു എന്നു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. നാം പാപികൾ ആയിരുന്നപ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചതു അവനു നമ്മോടുള്ള സ്നേഹത്തെ കാണിക്കുന്നു (യോഹന്നാൻ 3:16; റോമർ 5:8). ആരും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടമുള്ള കാര്യമല്ല. കർത്താവു വീണ്ടും വരുവാൻ താമസിക്കുന്നതും ആളുകൾ മാനസാന്തരപ്പെടുവാൻ അവൻ ദീർഘക്ഷമ കാണിക്കുന്നതു കൊണ്ടാണ് (2പത്രൊസ് 3:9). ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെ നമുക്കു ക്രൂശിൽ ദർശിക്കാം.

മൂന്നാമതു പാപം എത്ര ഭയാനകമാണെന്നു ക്രൂശ് വെളിപ്പെടുത്തുന്നു. ഒരു മനുഷ്യൻ പാപം ചെയ്യുമ്പോൾ അയാളിൽ കുറ്റാരോപണം ഉണ്ടാകുന്നു. ആ പ്രത്യേക കുറ്റത്തിനു ശിക്ഷ അയാൾ ഏല്ക്കണം. അതു തികച്ചും ന്യായമാണ്. നിരപരാധിയും പാപമില്ലാത്തവനുമായ യേശു യാതൊരു തെററുമില്ലാതിരുന്ന മനുഷ്യനായി

നമ്മുടെ അകൃത്യങ്ങൾക്കായി മരിച്ചു. സ്വയം ത്യാഗമായി യാഗത്തിനു ഏല്പിച്ചു കൊടുത്തു. നാം ക്രിസ്തുവിന്റെ ക്രൂശ് പരിശോധിക്കുമ്പോൾ പാപികളായ മനുഷ്യർ പാപമില്ലാത്തവനെ കൊല്ലുന്ന കാഴ്ചയാണ് കാണുന്നതു. ദൈവ പുത്രനായ യേശുവിനെ അകൃത്യയാഗമായി ദൈവം കാണുന്നു.

ദൈവ നീതിക്കായി ക്രൂശ് ആവശ്യമായി വന്നതു നാം മനസിലാക്കാതെ പോയാൽ അതെത്ര ഖേദകരമാണ്. അനേകർ ക്രൂശിൽ ചൊരിഞ്ഞ രക്തത്തെ ചോദ്യം ചെയ്യുന്നുണ്ട്. പാപം ചെയ്ത മനുഷ്യർ ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിന്നു ക്രൂശ് അനിവാര്യമായി തീർന്നു എന്ന വസ്തുത ബൈബിൾ തുറന്നു കാണിക്കുന്നു. ആളുകൾ ക്രൂശിനെ വിവിധ തരത്തിൽ വിലയിരുത്തുന്നതായും സത്യാവസ്ഥ എന്താണെന്നും അപ്പൊസ്തലനായ പൗലൊസ് പറയുന്നുണ്ട്. ''ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയുമാകുന്നു'' (1കൊരിന്ത്യർ 1:18-24).

ക്രിസ്തുവിന്റെ ക്രൂശ് പല കാരണങ്ങളാൽ ഒഴിച്ചുകൂടാനാവാത്തതായിരുന്നു. ദൈവ സ്വഭാവം നിമിത്തം ക്രിസ്തുവിന്റെ ക്രൂശ് വേണ്ടി വന്നു. പാപത്തിന്റെ സ്വഭാവം നിമിത്തവും ക്രൂശ് ആവശ്യമായി വന്നു. ദൈവം പൂർണ്ണമായും നല്ലവനാണ്; ശക്തി, പരിശുദ്ധി, നിർമ്മലത, നീതി, തികവ് എന്നിവയിൽ ന്യൂനതയില്ലാത്തവനാണ് അവൻ. ഹബക്കൂക്ക് പറഞ്ഞതു: ദോഷം കണ്ടു കൂടാതവണ്ണം നിർമ്മല ദൃഷ്ടി ഉള്ളവൻ എന്നാണ് (ഹബക്കൂക്ക് 1:13). സാത്താനും അവനെ പിൻപറ്റുന്നവരും ദുഷ്ടന്മാരാണ്. പാപിയായ മനുഷ്യനു പാപവുമായി പരിശുദ്ധ ദൈവത്തോടു അടുക്കുവാൻ സാദ്ധ്യമല്ല (വെളിപ്പാട് 21:8).

ക്രൂശ് അനിവാര്യമായി തീർന്നതിന്റെ മറ്റൊരു കാരണം സകല ജനത്തിന്റെയും പാപ പരിഹാരമാണ്. ക്രൂശ് കൂടാതെ പാപ പരിഹാരം പൂർണ്ണമായി നല്കുവാൻ കഴിയാതെ വന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. ദൈവ നീതിയുടെ മാനദണ്ഡത്തിനു മരണവും രക്തച്ചൊരിച്ചിലും വേണ്ടി വന്നു. നോഹയുടെ കാലത്തു മാനസാന്തരപ്പെടാത്ത മനുഷ്യരെ ദൈവം ജലപ്രളയത്താൽ നശിപ്പിച്ചു. അതേ സമയം ദൈവത്തെ അനുസരിച്ച നോഹയെയും കുടുംബത്തേയും രക്ഷിക്കയും ചെയ്തു. ആകയാൽ ക്രിസ്തുവിന്റെ ക്രൂശ് മുഖാന്തരം സകല മനുഷ്യർക്കും രക്ഷക്കുള്ള വഴി ഒരുക്കി. യേശു ക്രൂശിൽ മരിച്ചില്ലായിരുന്നുവെങ്കിൽ നമുക്കു ഇന്നു ഒരു പ്രത്യാശയും ഇല്ലാതെ നാം നശിച്ചു പോകുമായിരുന്നു.

സ്വർഗ്ഗത്തിലേക്കുള്ള വഴി യേശു ആയി തീർന്നു. അതു ക്രൂശ് മുഖേനയാണ്. അതുകൊണ്ടു ക്രൂശ് അത്യാവശ്യമായി. യേശു പറഞ്ഞതു: ഞാൻ തന്നേ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ 14:6). ദൈവ രാജ്യത്തിലേക്കു മനുഷ്യൻ പ്രവേശിക്കുന്ന വാതിലാണ് കർത്താവ്. രക്ഷിക്കപ്പെടുവാൻ മനുഷ്യർക്കു ഇന്നു മറ്റൊരു നാമവുമില്ല. യേശു ക്രിസ്തു മാത്രമാണ് ഏക രക്ഷകൻ (പ്രവൃത്തി 4:12). നാം രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം ക്രിസ്തുവിന്റെ ക്രൂശുമായി ബന്ധപ്പെടണം (റോമർ 6:3-4). ഏതൊരു മനുഷ്യനും ന്യായവിധി ഉണ്ട്. അന്ത്യ നാളിലെ വിധിയിൽ നിത്യ നാശത്തിനിരയായി തീരാതിരിക്കേണ്ടതിന്നു നാം ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെ വിശ്വാസത്താലും മാനസാന്തരത്താലും ഏറ്റുപറയുന്നതിനാലും സ്നാനപ്പെടുന്നതിനാലും സ്വീകരിക്കണം.

★

# "ഇതു നിങ്ങളുടെ നന്മക്കു"

## ക്ലേം തർമൻ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ആ തത്വം മാറിയിട്ടില്ല. ദൈവം നമ്മെ തൻെറ സാദൃശത്തിൽ സൃഷ്ടിച്ചു (ഉല്പത്തി 1:26-27). നമുക്കു ഏററവും നല്ലതു ഏതെന്നു അവന്നു നന്നായറിയാം. നമ്മുടെ സന്തോഷമോ സ്വാസ്ഥതയോ എടുത്തു കളയുന്നതിനല്ല അവൻ പറഞ്ഞിരിക്കുന്നവയെല്ലാം. അതിൻെറ വിപരീതമാണ് സത്യം. നമ്മുടെ സന്തോഷത്തിനും സമൃദ്ധിക്കും ആവശ്യമായതെന്തെന്നു ദൈവത്തിനറിയാം. ദൈവ കല്പനകൾ രൂപപ്പെടുത്തിയിരിക്കുന്നതു ആ ഉദ്ദേശത്തോടെയാണ്. കർത്താവു പറഞ്ഞിരിക്കുന്നതു "നിങ്ങൾ ഇതു അറിഞ്ഞു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ (യോഹന്നാൻ 13:17). ദൈവം നമുക്കു വേണ്ടി ചെയ്യുന്നതു "നമ്മുടെ നന്മക്കായിട്ടാണ്".

## നിഷേധ സ്വഭാവത്തിനു നല്ലൊരു മാതൃകയാണ് ആഹാബ് രാജാവ്

ഉത്തരദേശമായ യിസ്രായേലിലെ രാജാവായിരുന്നു ആഹാബ്. നാബോത്തിൻെറ മുന്തിരിത്തോട്ടം അവൻ മോഹിച്ചു. നാബോത്ത് അതു വില്ക്കുവാനോ വിട്ടു കളയുവാനോ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ അവൻെറ ദുഷ്ടയായ രാജ്ഞി ഇസെബേൽ മുഖാന്തരം നാബോത്ത് കൊല്ലപ്പെടുകയും ആ സ്വത്ത് ആഹാബ് രാജാവിൻെറ കൈവശം എത്തുകയും ചെയ്തു (1രാജാക്കന്മാർ 21). യഹോവ യിരെമ്യാ പ്രവാചകനെ അയച്ചു ആഹാബിനെയും ഇസെബേലിനേയും മരണശിക്ഷയെ മുന്നറിയിച്ചു. നാബോത്തിൻെറ രക്തം നായ്ക്കൾ കുടിച്ച സ്ഥലത്തു വെച്ചു ആഹാബിൻേറയും രക്തം നായ്ക്കൾ കുടിക്കും.

ഇസെബേലിന്റെ മാംസം നായ്ക്കൾ ഭക്ഷിക്കുമെന്നും പറഞ്ഞിരുന്നു. ഇതു അവൻ തന്റെ തെററു തിരുത്തുന്നതിനായിരുന്നു.

ആഹാബിനു ആ സന്ദേശം ഇഷ്ടമായിരുന്നില്ല എന്നു നിങ്ങൾക്കു തീർച്ചയാക്കാം. അവൻ ഏലിയാവിനേയും അവന്റെ സന്ദേശത്തെയും വെറുത്തു. പക്ഷെ ആഹാബ് തന്റെ പാപ പ്രവൃത്തിക്കു തക്കവണ്ണം പ്രാപിക്കുവാൻ നിർബന്ധിതനായി. അവൻ തന്നെത്താൻ താഴ്ത്തി ചണവസ്ത്രം ധരിക്കണമായിരുന്നു. മാനസാന്തരപ്പെടുവാനും അവന്റെ തെററു തിരുത്തുവാനും ദൈവം അവനു അവസരം കൊടുത്തിരുന്നു. പിന്നെ ദൈവം പറഞ്ഞു, ആഹാബ് എന്റെ മുമ്പാകെ തന്നെത്താൻ താഴ്ത്തിയതു കണ്ടുവോ ? അവൻ എന്റെ മുമ്പാകെ തന്നെത്താൻ താഴ്ത്തിയതു കൊണ്ടു ഞാൻ അവന്റെ ജീവകാലത്തു അനർത്ഥം വരുത്താതെ അവന്റെ മകന്റെ കാലത്തു അവന്റെ ഗൃഹത്തിനു അനർത്ഥം വരുത്തും എന്നു കല്പിച്ചു (1രാജാക്കന്മാർ 21:29). ദൈവം കല്പിച്ചതും മുന്നറിയിച്ചതും ആഹാബിന്റെ നന്മക്കായിരുന്നു.

## അനേകർ യേശുവിനെ പിൻപററുന്നതിനു പകരം ആഹാബിനെ പിൻപററുന്നു

ഇന്നത്തെ മതാദ്ധ്യക്ഷന്മാരിൽ ഏതാനും പേരിൽ ആഹാബിന്റെ സ്വഭാവം കാണുന്നുണ്ട്. അവർ യേശുവിന്റെ കല്പനകൾ വായിക്കുന്നുണ്ട്, “വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും” (മർക്കൊസ് 16:16). പക്ഷെ അതു മനഃപൂർവ്വം വിട്ടുകളയും. കാരണം അവർ കേൾക്കുവാൻ ആഗ്രഹിക്കുന്നതു ആ കല്പനയല്ല.

★

# ഷണ്ഡനിൽ നിന്നുള്ള പാഠങ്ങൾ

## ഷൈ F. H.

അപ്പൊസ്തല പ്രവൃത്തികളിൽ ധാരാളം പരിവർത്തനങ്ങളാം രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ഷണ്ഡന്റെ സംഭവം. എത്യോപ്യക്കാരനായ ഷണ്ഡൻ പരിവർത്തനം ചെയ്യപ്പെടുന്ന സംഭവം പ്രവൃത്തി 8:26-39 ഭാഗങ്ങളിലാണ്.

## ഫിലിപ്പ്

ഷണ്ഡന്റെ പരിവർത്തനത്തിൽ ഫിലിപ്പൊസിന്റെ പങ്ക് വലുതായിരുന്നു. ഫിലിപ്പൊസ് വലിയൊരു സുവിശേഷകനായിരുന്നു. അവൻ യെരുശലേം സഭയിൽ നിന്നു വരികയാണ്. യെരുശലേമിൽ ക്രിസ്ത്യാനികൾക്കു നേരെ ഉപദ്രവം നേരിട്ടിരുന്നു (പ്രവൃത്തി 8:4). ''എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏററു. ശിമോൻ താനും വിശ്വസിച്ചു സ്നാനം ഏററു ഫിലിപ്പൊസിനോടു ചേർന്നു നിന്നു. വലിയ വീര്യപ്രവൃത്തികളും അടയാളങ്ങളും നടക്കുന്നതു കണ്ടു ഭ്രമിച്ചു (പ്രവൃത്തി 8:12-13). ആഭിചാരക്കാരനായിരുന്ന ശിമോനും സ്നാനമേററു. അവൻ ശമര്യ ജാതിയെ ആഭിചാരം കൊണ്ടു ഭ്രമിപ്പിച്ചിരുന്നു. അവൻ മഹതി എന്ന ദൈവശക്തി എന്നു പറഞ്ഞു ആബാലവൃദ്ധം ജനങ്ങളും അവനെ ശ്രദ്ധിച്ചിരുന്നു. അപ്പൊസ്തലന്മാർ ആളുകളുടെ മേൽ കൈ വെച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവ് ലഭിക്കുന്നതു ശിമോൻ കണ്ടപ്പോൾ അപ്പൊസ്തലന്മാർക്കു അവൻ ദ്രവ്യം കൊണ്ടു വന്നു. ഞാൻ ഒരുത്തന്റെ

മേൽ കൈ വെച്ചാൽ അവന്നു പരിശുദ്ധാത്മാവ് ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു അവൻ പറഞ്ഞു. ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങാമെന്നു നിരൂപിക്കകൊണ്ടു നിന്റെ പണം നിന്നോടു കൂടെ നശിച്ചു പോകട്ടെ എന്നു പത്രൊസ് പറഞ്ഞു. അവന്റെ ഹൃദയം ദൈവ സന്നിധിയിൽ നേരുള്ളതായിരുന്നില്ല. ആ വഷളത്വം വിട്ടു മാനസാന്തരപ്പെടുവാൻ പത്രൊസ് അവനോടു പറഞ്ഞു (പ്രവൃത്തി 8.9-24). "അനന്തരം കർത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു: നീ എഴുന്നേററു തെക്കോട്ടു യെരൂശലേമിൽ നിന്നു ഗസ്സെക്കുള്ള നിർജ്ജനമായ വഴിയിലേക്കു പോക എന്നു പറഞ്ഞു. അവൻ ചെന്നപ്പോൾ ഐത്യോപ്യ രാജ്ഞിയുടെ മേൽ വിചാരകനും ഷണ്ഡനുമായ ഐത്യോപ്യനെ കണ്ടു. ഫിലിപ്പൊസ് അവനോടു ക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം അറിയിച്ചു. ഷണ്ഡൻ വിശ്വസിച്ച് ഏററു പറഞ്ഞു സ്നാനമേററു. ഫിലിപ്പൊസ് ദൈവ ദാസനും ശക്തനായ സുവിശേഷകനുമായിരുന്നു.

## പരിവർത്തനം ചെയ്യേണ്ട മനുഷ്യൻ

ഇനി നമുക്കു ഫിലിപ്പൊസിൽ നിന്നും ഷണ്ഡനിലേക്കു തിരിയാം. അവന്റെ പരിവർത്തനത്തിനു മുൻപുള്ള അവന്റെ സ്വഭാവത്തെ നോക്കേണ്ടതുണ്ട്. സ്വഭാവവിശേഷതകൾ നോക്കി കാണേണ്ടതും അനുകരിക്കത്തക്കതും ആണ്.

### ആത്മാർത്ഥത

ഈ മനുഷ്യന്റെ സ്വഭാവ വിശേഷതകളിൽ ഒന്നു വ്യക്തമാക്കുന്നതു അവൻ ആത്മാർത്ഥതയുള്ളവനായിരുന്നു എന്നതാണ്. ഏതാണ്ട് 1000 മൈൽ യാത്ര ചെയ്തു

(ശേഷം 9-ാം പേജിൽ)

HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm. Speaker : P.K. Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

**Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005**
**Licensed to post without prepayment No. Tech/62-2 TV(N) 40/2004**

***Join us to worship God in spirit and Truth***
***The***

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378

*To*